# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :02/03/ 2019

## സ്വയം പ്രതിരോധ പരിശീലനം

കേരള സമൂഹത്തിലെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും കൂടുതൽ സുരക്ഷിതത്ത്വം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് **"സ്വയം പ്രതിരോധം സ്ത്രീകൾക്കും പെൺകുട്ടികൾക്കും".** ഈ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കൊല്ലം സിറ്റി പോലീസിലെ വനിതാ പോലീസിന്റെ



പരിശീലനം കഴിഞ്ഞ ദിവസം പൂർത്തിയാക്കി. സിറ്റി പരിധിയിലെ 50 വനിതാ പോലീസിനെയാണ് സ്വയം പ്രതിരോധപരിശീലനത്തിന് തിരഞ്ഞെടുത്തത്. പരിശീലനം പൂർത്തിയാക്കിയവരെ ഉപയോഗിച്ച സമൂഹത്തിലെ വിവിധ തുറകളിലുള്ള സ്ത്രീകളെയും പെൺകുട്ടികളെയും സ്വയം പ്രതിരോധ പാഠങ്ങൾ പഠിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. പി.കെ മധു ഐ.പി.എസ് ഉദ്ഘാടനം നിർവ്വഹിച്ച പരിശീലന പരിപാടി ഒരാഴ്ച്ചക്കാലം നീ ുനിന്നു. കൊല്ലം പോലീസ് ക്ലബ്ബിൽ ആയിരുന്നു പരിശീലന പരിപാടി നടന്നു വന്നിരുന്നത്. 01-03-2019-ൽ നടന്ന സമാപന ചടങ്ങിൽ പദ്ധതിയുടെ നോഡൽ ഓഫീസറും കൊല്ലം സിറ്റി ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണറുമായ ശ്രീ. ജി. സർജു പ്രസാദ് പരിശീലനം പൂർത്തിയായവർക്ക് യൂണിഫോം വിതരണം ചെയ്തു. പരിശീലന പരിപാടിയ്ക്ക് ജില്ലാ ക്രൈം ബ്രാഞ്ച് അസി. സബ്ബ് ഇൻസ്പെക്ടർമാരായ ശ്രീ. കെ.എൻ. .അനിൽകുമാർ, എച്ച്.ഷാനവാസ് വനിതാ സിവിൽ പോലീസ് ഓഫീസർമാരായ റെജീന, റോസി, സുധ എന്നിവർ നേതൃത്വം നൽകി.

വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സ്ഥലത്ത് ചെന്ന് സ്വയം പ്രതിരോധ പരിശീലന പരിപാടി നടത്തിനൽകുമെന്ന് നോഡൽ ഓഫീസർ ആയ അസി. കമ്മീഷണർ അറിയിച്ചു.